| | |
|---|---|
| Publication | Janmabhumi |
| Edition | Trivandrum |
| Date | 15th September, 2022 |
| Page No. | 03 |

# സംരംഭകത്വ ആവാസവ്യവസ്ഥ പ്രോത്സാഹിപ്പിക്കാൻ കേരളവും ഇഡിഐഐയും കൈകോർക്കുന്നു

**തിരുവനന്തപുരം:** സംരംഭകത്വ വികസനത്തിൽ കേരളത്തിന് വലിയ സാധ്യതകളാണുള്ളതെന്നു എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (ഇഡിഐഐ) ഡയറക്ടർ ജനറൽ ഡോ. സുനിൽ ശുക്ല. സംസ്ഥാനത്ത് സംരംഭകരെയും സംരംഭങ്ങളേയും പരിപോഷിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇഡിഐഐ സഹകരിക്കും. കുടുംബശ്രീ, സ്റ്റാർട്ടപ് മിഷൻ, യുവജനക്ഷേമ ബോർഡ് എന്നിവയ്ക്കൊപ്പം പ്രവർത്തിച്ചുവന്നിരുന്ന ഇഡിഐഐ ഇനി വ്യവസായ വകുപ്പുമായും കെ ഡിസ്കുമായും വിവിധ കോർപ്പറേറ്റുകളുമായും ചേർന്ന് സംസ്ഥാനത്തെ സംരംഭകത്വ വളർച്ചയ്ക്കായി പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു. വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു സുനിൽ ശുക്ല.

സംസ്ഥാനത്ത് വ്യവസായ വകുപ്പിനു കീഴിൽ 200 ഫീൽഡ് തല ഓഫിസർമാർക്ക് പരിശീലനം നൽകിക്കഴിഞ്ഞതായും അദ്ദേഹം വ്യക്തമാക്കി. യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് രണ്ടായിരത്തിലധികം സംരംഭകർക്കും ഇഡിഐഐ പരിശീലനം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ ഉറപ്പാക്കാനും സ്റ്റാർട്ടപ് മിഷന്റെ ശേഷി വർധിപ്പിക്കാനും 50ലധികം സംരംഭകത്വ വികസ പ്രതിനിധികൾക്കും ഫാക്കൽറ്റി അംഗങ്ങൾക്കും പരിശീലനം നൽകിയെന്നും സുനിൽശുക്ല കൂട്ടിച്ചേർത്തു. ബിസിനസ്സിൽ സുസ്ഥിരതയാണ് ആവശ്യമെന്നും ശരിയായതരത്തിലുള്ള ഓറിയന്റേഷനിലൂടെയേ അതുണ്ടാകുകയുള്ളുവെന്നും ഇഡിഐഐ ഡിപ്പാർട്ട്മെന്റ് ഓഫ് പ്രോജക്ട് (കോർപ്പറേറ്റ്സ്) ഡയറക്ടർ ഡോ. രാമൻ ഗുജ്റാൾ പറഞ്ഞു. ഫാക്കൽറ്റി മെമ്പർ ശിവൻ അമ്പാട്ടിൽ പങ്കെടുത്തു.